AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 47/2018

16.03.2018

## ചക്ക കേരളത്തിന്റെ ഔദ്യോഗിക ഫലമാകുമെന്നും വിദേശവിപണിയിൽ സ്ഥാനം നേടുമെന്നും കൃഷിമന്ത്രി.

ചക്ക കേരളത്തിന്റെ ഔദ്യോഗികഫലമാകുമെന്നും ഇവിടെ നിന്നുള്ള പഴം-പച്ചക്കറി കയറ്റുമതിയിൽ ഈ ഫലത്തിനു മുഖ്യസ്ഥാനം ലഭിക്കേണ്ടിയിരിക്കുന്നുവെന്നും കൃഷിമന്ത്രി അഡ്വ.വി.എസ്. സുനിൽകുമാർ പറഞ്ഞു. APEDA (Agricultural Processed Food Products Export Development Authority) തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കൃഷിമന്ത്രി.

തികച്ചും ജൈവരീതിയിൽ പ്രകൃത്യാ ഉണ്ടാകുന്ന ഫലമെന്ന നിലയിലും, പോഷക-ഔഷധഗുണങ്ങളാൽ സമ്പന്നമായതിനാലും ചക്കയ്ക്ക് യൂറോപ്പുൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ വലിയ പ്രിയമാണ് ഉണ്ടായിവരുന്നത്. എന്നാൽ കേരളത്തിലെ കർഷകർക്ക് വാണിജ്യഫലമായി ചക്കയെ വേണ്ടത്ര ഉപയോഗപ്പെടുത്താൻ ആയിട്ടില്ല. ചക്കയുടെ ഉത്പന്ന വൈവിധ്യവത്ക്കരണ, വാണിജ്യസാധ്യതകൾ മെച്ചപ്പെടുത്താൻ കൃഷിവകുപ്പ് ഇതുമായി ബന്ധപ്പെട്ട അന്തർദേശീയ സെമിനാർ ഉൾപ്പെടെ പല പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഈ മേഖലയ്ക്കു കരുത്തേകാൻ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണകേന്ദ്രത്തിൽ ഒരു "ജാക്ക്ഫ്രൂട്ട് റിസർച്ച് സെന്റർ" സ്ഥാപിക്കുന്നതാണ്. "കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ" ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള "ചക്ക സംസ്കരണ യൂണിറ്റിന്റെ" പ്രവർത്തനം കൂടുതൽ വിപുലമാക്കും. ജൈവസർട്ടിഫിക്കേഷനോടെ ചക്ക കയറ്റുമതി ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

തൃശൂർ ജില്ലയിലെ ചെങ്ങാലിക്കോടൻ നേന്ത്രൻ ഉൾപ്പെടെ ഭൗമസൂചികാംഗീകാരം ലഭിച്ചതും താമസിയാതെ ലഭിക്കാൻ പോകുന്നതുമായ തനതായ ഉത്പന്നങ്ങളുടെ വാണിജ്യ, കയറ്റുമതി സാധ്യതകളും മെച്ചപ്പെടുത്തുന്നതാണെന്ന് കൃഷിമന്ത്രി വ്യക്തമാക്കി.

കണ്ണൂരിൽ നാലാമത്തെ വിമാനത്താവളം വരുന്നതോടെ കാർഷികോത്പന്നങ്ങളുടെ കയറ്റുമതിക്കുള്ള ഒരു വലിയ സാധ്യതയാണ് കേരളത്തിനു മുന്നിൽ തുറക്കുന്നതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ചെലവ് കുറഞ്ഞ രീതിയിൽ കപ്പൽമാർഗം കാർഷികവിഭവങ്ങൾ കയറ്റി അയയ്ക്കാനുള്ള സാധ്യതയുമുണ്ട്. ഇതു പരമാവധി ഉപയോഗിക്കാൻ കഴിയും വിധം കർഷകർ അവരുടെ കൃഷിമുറകൾ പരിഷ്കരിക്കണം. വിവിധ രാജ്യങ്ങൾ ആവശ്യപ്പെടും വിധമുള്ള ഗുണനിലവാരം നിലനിർത്തി കാർഷിക ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കർഷകരെ സഹായിക്കാൻ കൃഷിവകുപ്പിനെയും കാർഷികഗവേഷണസ്ഥാപനങ്ങളെയും സജ്ജമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. കാർഷികോതപ്ന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിൽ കൃഷിവകുപ്പ് സംഘടിപ്പിച്ച VAIGA (Value Addition for Income Generation in Agriculture) അന്തർദേശീയ ശിൽപ്പശാല മുഖ്യ പങ്കു വഹിച്ചിട്ടുണ്ടെന്നും മൂന്നാമതു വൈഗ സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർദ്ധനവിൽ ഊന്നൽ നൽകി സംഘടിപ്പിക്കുമെന്നും അഡ്വ: വി .എസ് സുനിൽകുമാർ പറഞ്ഞു. ഇതിൽ കാർഷികോത്പ്പന്നങ്ങളുടെ കയറ്റുമതിക്കാരെയും ക്ഷണിക്കുന്നതാണ്. പ്രത്യേക കാർഷികമേഖലാ പദ്ധതി ( Special Agricultural Zone), അഗ്രോപാർക്കുകൾ എന്നിവയൊക്കെ ഈ മേഖലയിൽ സമഗ്ര മുന്നേറ്റമുണ്ടാക്കാൻ പര്യാപ്തമാണ്. കാർഷികോത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർ കർഷകരോടുള്ള പ്രതിബദ്ധത മറക്കരുതെന്ന് മന്ത്രി ആവശ്യപ്പെട്ടു.

APEDA ചെയർമാൻ D.K സിംഗ് IAS സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. കേരളത്തിൽ നിന്നുള്ള കാർഷികോത്പ്പങ്ങളുടെ കയറ്റുമതി സാധ്യതകൾ വിപുലപ്പെടുത്താൻ APEDA എല്ലാ പിന്തുണയും

നൽകുമെന്ന് D.K സിംഗ് പറഞ്ഞു. കാഴ്ചയ്ക്കുള്ള ഭംഗി, സമാനമായ വലുപ്പം, നിറം, കീടനാശിനിയുടെയും മറ്റും സാന്നിധ്യമില്ലാത്ത ഉത്പ്പന്നം എന്നീ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മാത്രമേ കാർഷികോത്പ്പന്നങ്ങളെ കയറ്റുമതിക്ക് അനുയോജ്യമാക്കാൻ കഴിയുകയുള്ളൂ. ഇതിനായി കർഷകകൂട്ടായ്മകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ മുന്നോട്ടുവരണം. APEDA നിഷ്കർഷിക്കുന്ന ഗുണനിലവാരം അനുസരിച്ച് ഉത്പന്നങ്ങൾ വിളയിക്കാൻ ഇവർ സന്നദ്ധരാകേണ്ടതുണ്ട്. ഇങ്ങനെയുള്ള ഉത്പ്പന്നങ്ങൾ അധികരിച്ച അളവിൽ സ്ഥിരമായി ഇറക്കുമതിചെയ്യുന്ന രാജ്യങ്ങളിൽ ലഭ്യമാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പൈനാപ്പിൾ, വാഴപ്പഴം തുടങ്ങി നിശ്ചിത ഗുണനിലവാരത്തിൽ കൂടിയ തോതിൽ വിളയിക്കാവുന്നവയ്ക്കാണ് ഊന്നൽ നൽകേണ്ടതെന്ന് സിംഗ് ചൂണ്ടിക്കാട്ടി. കോൾഡ് സ്റ്റോറേജ് ചെയ്ൻ, പാക്കിംഗ് സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് APEDA യുടെ ധനസഹായം അദ്ദേഹം വാഗ്ദാനം ചെയ്തു.

കാർഷികോത്പാദന കമ്മീഷണർ ടീക്കാറാം മീണ IAS, APEDA ഡെപ്യൂട്ടി ജനറൽ മാനേജർ R രവീന്ദ്ര, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടർ ഡോ. ജസ്റ്റിൻ മോഹൻ IAS, കൃഷി ഡയറക്ടർ A.M. സുനിൽകുമാർ, നാഷണൽ പ്ലാന്റ് പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ (NPPO) അസിസ്റ്റന്റ് ഡയറക്ടർ ഡോ.നാഗരാജു തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
**THIRUVANANTHAPURAM**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314